LIBRARY ARCHIVES Kerala Legislative Assembly

ആർദ്രം പദ്ധതി

175 (4900) ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. പി. നന്ദകുമാർ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ ആരോഗ്യ മേഖല ശാക്തീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ആർദ്രം മിഷൻ പൂർത്തിയാക്കിയിരുന്നോ; ഇതിന്റെ ഭാഗമായി പൊതുജനാരോഗ്യരംഗത്ത് ഏർപ്പെടുത്തിയ അധിക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ നടപടി ജീവിത ശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിൽ ഫലപ്രദമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകവഴി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മെച്ചപ്പെട്ട ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. അതിലൂടെ പ്രാഥമിക തലത്തിൽ രോഗ നിർണ്ണയം നടത്തുവാനും ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുവാനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും നടത്തുന്ന ജീവിതശൈലിരോഗങ്ങൾക്കുള്ള ക്ലിനിക്ക് വഴി കൂടുതൽ പേരുടെ ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിക്കാനും ചികിത്സ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. ഉപകേന്ദ്ര ക്ലിനിക്കുകൾ വഴിയും ജീവിത ശൈലീ രോഗീ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. വ്യായാമം പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ, കൗൺസിലിംഗ് തുടങ്ങിയവയും പല കേന്ദ്രങ്ങളിലും ചെയ്തുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.